# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## മാർപാപ്പ എനിക്കുവേണ്ടി സംസാരിക്കണേ....



കൈയ്യിലൊരു കത്തുമായി ചുവന്ന ഉടുപ്പിട്ട ഒരു കൊച്ചുപെൺകുട്ടി വാഷിങ്ടൺ ഡിസിയിൽ ഫ്രാൻസിസ് മാർപാപ്പായുടെ വാഹനം വരുന്നതും കാത്തു രാവിലെ മുതൽ നിൽപ്പുണ്ടായിരുന്നു. സോഫി ക്രൂസ് എന്നായിരുന്നു ആ അഞ്ചുവയസ്സുകാരിയുടെ പേര്.

ഫാക്ടറി ജോലിക്കാരനായ ഒരു മെക്സിക്കൻ കുടിയേറ്റക്കാരന്റെ മകൾ. കുടിയേറ്റക്കാരെ തുരത്തിയോടിക്കാൻ വെമ്പുന്ന യു.എസ് മനോഭാവത്തെ വീണ്ടുവിചാരത്തിനു പ്രേരിപ്പിക്കണമെന്നെഴുതിയ കുട്ടിത്തമുള്ളൊരു കത്ത് മാർപാപ്പയ്ക്കു കൊടുക്കാനാണ് അവളവിടെ നിന്നത്. വാഹനം കണ്ടതും, മാർപാപ്പയെ ലക്ഷ്യമാക്കി ആത്മവിശ്വാസത്തോടെ അവൾ ആഞ്ഞുനടന്നു. അതുകണ്ട്, മാർപാപ്പ തന്റെ അംഗരക്ഷകരോടു പറഞ്ഞു. ആ കുഞ്ഞിനെ ഇങ്ങോട്ടു കയറ്റിവിടൂ!

മാർപാപ്പയുടെ അരികിലെത്തിയതും അവൾ ആ കത്തു കൈമാറി. എന്റെ മനസ്സുനിറയെ സങ്കടമാണ്, പ്രിയപ്പെട്ട ഫ്രാൻസിസ് മാർപാപ്പ. കുടിയേറ്റക്കാരായ എന്റെ മാതാപിതാക്കൾക്കു നിയമത്തിന്റെ അംഗീകാരമില്ലല്ലോ! അവരെ എന്നിൽനിന്നു പറിച്ചെടുക്കാൻ സമ്മതിക്കരുതേ! കുഞ്ഞുസോഫി ആ കത്തിലെഴുതിയിരുന്നു. ലൊസാഞ്ചൽസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മെക്സിക്കൻ കുടിയേറ്റസംഘടനയുടെ ഭാഗമായാണ് അവളും കുടുംബവും മാർപാപ്പയെ കാണാൻ വാഷിങ്ടൺ ഡിസിയിലെത്തിയത്.